കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1960/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 680 020

ഫോൺ നം. 0487 2331249

ഇ-മെയിൽ: dotsr.ksad@kerala.gov.in

തീയതി :07.02.19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-8, 3-18എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1960/2018 തിയ്യതി:07.02.19

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2017 മുതൽ 21.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2017 മുതൽ 31-03-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-12-2018 മുതൽ<br>11-12-2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി .ലിഷ.കെ.വി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .രേഖ.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ.ഇദ്രീസ് അബ്ദുള്ള , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.എ.വി.സുമതി, 01.04.2017 മുതൽ 31.03.2018 വരെ | |
| സെക്രട്ടറി | ശ്രീ.കെ.വി. രാമചന്ദ്രൻ (ബി.ഡി.ഒ ഇൻ ചാർജ്ജ്) | 01.04.17 മുതൽ 09.07.17FN വരെ |
| | ശ്രീ.പി.എച്ച്.ഷൈൻ | 10.07.17 AN മുതൽ 31.03.18 FN വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സി.ജി.പീറ്റർ. | 01.04.17 മുതൽ 31.05.17 വരെ |
| | ശ്രീ.വിനോജ് .ടി.ജെ | 01.06.17മുതൽ 08.11.17 വരെ |
| | ശ്രീ.കൃഷ്ണകുമാർ.ജെ | 09.11.17മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജയ.ഒ.ആർ | 01.04.17മുതൽ 31.03.18 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. പഴഞ്ഞി | ഡോ.സന്ദീപ് .ആർ | 01.04.17 മുതൽ 31.03.18 വരെ |
| പട്ടികജാതി വികസന ഓഫീസർ, ചൊവ്വന്നൂർ | ശ്രീമതി.സി.സി സുഗുണാഭായ് | 01.04.17 മുതൽ 31.03.18 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ)ചൊവ്വന്നൂർ | ശ്രീമതി.ജയശ്രീ.എസ്. | 01.04.17 മുതൽ 30.06.17 വരെ |
| | ശ്രീമതി.ലളിത .വി.പി (അഡീഷണൽ ചാർജ്ജ്) | 01.07.17മുതൽ 20.07.17 വരെ |
| | ശ്രീമതി.ഗ്രേസി.ജെ.ആർ | 21.07.17 മുതൽ 31.03.18 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ ചൊവ്വന്നൂർ | ശ്രീമതി.ബേബി.പി മാത്യൂ | 01.04.17 മുതൽ 31.01.18 വരെ |
| | ശ്രീമതി.ലളിത .വി.പി (ഇൻ ചാർജ്) | 01.02.18 മുതൽ 28.02.18 വരെ |
| | ശ്രീമതി.രതിമണി.കെ.ജി | 01.03.18 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ചൊവ്വന്നൂർ | ശ്രീമതി. റീനജോൺ | 01.04.17 മുതൽ |

| | | |
|---|---|---|
| | | 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചൊവ്വന്നൂർ | ശ്രീമതി.മഞ്ജുഷ.ടി.വി. | 01.04.17 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>


| നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| ഭാഗം 2 | | |
| 11 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2-1 |
| ഭാഗം 3 | | |
| 12 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ. | 3-1 |
| 13 | ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കൽ സംബന്ധിച്ച് | 3-2 |
| 14 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-3 |
| 15 | സോളിംഗ്, മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികൾ വ്യത്യസ്ത പ്രൊജക്ടുകളായി നടപ്പാക്കുന്നതു സംബന്ധിച്ച്. | 3-4 |
| 16 | കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ | 3-5 |
| 17 | പട്ടിക്കര പാടശേഖരം ജലസേചന പദ്ധതി - അപാകതകൾ | 3-6 |
| 18 | അയ്യപ്പൻകാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല. | 3-7 |
| 19 | വട്ടമാവ് എസ്.സി. കോളനി അംഗൻവാടി നമ്പർ 6 വികസനം - എസ്.സി. വികസന ഫണ്ട് ഉപയോഗിച്ച് മെയിന്റനൻസ് നടത്തി. | 3-8 |
| 20 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച തുക തിരികെ അടവാക്കേണ്ടതാണ് | 3-9 |

| | | |
|---|---|---|
| 21 | സെക്രട്ടറി നടപ്പാക്കിയ പദ്ധതി- ചെലവ് രേഖ കളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-10 |
| 22 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി -ക്യാഷ് ബുക്ക് ശരിയായി സൂക്ഷിക്കുന്നില്ല. | 3-11 |
| 23 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-12 |
| 24 | സൈഡ് വീലോടുകൂടിയ സ്കൂട്ടർ- ഉണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കിയില്ല. | 3-13 |
| 25 | ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ | 3-14 |
| 26 | മെഡിക്കൽ ഓഫീസർ കമ്യൂണിറ്റി ഹെൽത്ത് സെന്റർ പഴഞ്ഞി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-15 |
| 27 | ആധുനിക ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിയ്ക്കുന്നതിന് വിഹിതം നൽകൽ-പ്രവർത്തി മന്ദഗതിയിൽ | 3-16 |
| 28 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-17 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 39 | ഓഡിറ്റ് സംക്ഷിപതം | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21/03/2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 45,74,97,097 രൂപയും പ്രതീക്ഷിത ചെലവ് 45,74,77,797 രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.18 | 4.6.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം

## നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14-09-2018,15-09-2018 | കെ .എസ് .എ ടി.എസ്.ആർ (ഇ3)/1150 /18(47) തീയതി 06.10.18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,63,05,545 |
| വരവ് | 78346,343 |
| ആകെ | 10,46,51,888 |
| ചെലവ് | 84451067 |
| നീക്കിയിരിപ്പ് | 20200821 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 35686173 | 35686173 | 35659504 | 26669 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 18586000 | 18586000 | 16607307 | 1978693 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 40000 | 40000 | 0 | 40000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4547000 | 4547000 | 682532 | 3864468 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 5055705 | 4442463 | 9498168 | 8385326 | 1112842 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 91740462 | 65 | 53417953 | 19 | 22 | 61.32% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ഒറ്റപ്പിലാവ് സാമ്പവ കോളനി സമഗ്ര വികസനം, കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

2) ബ്ലോക്ക് ആഫീസ് പുനരുദ്ധാരണം

3) ആയുഷുമായി സഹകരിച്ച യോഗപരിശീലനം

4) ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ ചകിരിച്ചോറ് നിർമ്മാണ യൂണിറ്റ് കെട്ടിടം

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന- 10/12/2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന്പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.09.18- 12.09.18 | 2017-18 | 05.11.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.17-08.02.17 | 2015 to 2017 | 27.03.17 |

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് ക്രമീകരിച്ച വിവരം ചേർത്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കാലഹരണപ്പെട്ട ചെക്കുകൾ "Liability in respect of stale cheques" (B9-ഷെഡ്യൂൾ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ Prior Period Item (RP 26) എന്നീ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

IAY - 4,21,117/-രൂപ

Own Fund TSB - 380/-രൂപ

2. 320200399 എന്ന ഹെഡ്ഡിൽ Grants, Funds & Contribution, Specific Purpose other than Development fund – State sponsered schemes എന്നതിൽ ലെഡ്ജർ പ്രകാരം വരവ് 13,44,871/-രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിലെ RP 31 ഷെഡ്യൂൾ പ്രകാരം ഈ ശീർഷകത്തിലെ വരവ് 13,60,500/- രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. അഡ്വാൻസ് രജിസ്റ്ററും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"ഷെഡ്യൂൾ B18 പ്രകാരം Temporary Advance for official purpose" എന്ന ശീർഷകത്തിൽ 23,960/- രൂപ ക്രമീകരിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 1,63,472/- രൂപ തിരികെ ലഭിക്കാനുണ്ട്.

5. ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ (9142214) വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യം കണക്കാക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ബാലൻസ്ഷീറ്റ് - ഷെഡ്യൂൾ B-11 (a) ൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ 9,37,704/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഇതു സംബന്ധിച്ച പാർട്ട് ബില്ലുകൾ, പ്രൊജക്ട് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി - പ്രോഗ്രസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 61,04,724 രൂപയാണ്. എന്നാൽ ഇതേ പത്രികയിലെ 2017-18 കാലയളവിൽ " Net cash used up by operating+investing+financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (86,64,581) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. 2017-18 വാർഷിക കണക്കുകളിലെ പരിശോധനാ റിപ്പോർട്ടിന്മേൽ മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.</u>

അസി. എക്സി, എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ – ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ്

(എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ, എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 1,39,785/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

ബ്ലോക്ക് പഞ്ചായത്തിൽ രൂപീകരിച്ച ആസൂത്രണ സമിതിയുടെ ആദ്യ യോഗം 22-02-2017 ന് ചേർന്നു. പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങളൊന്നും തന്നെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 22-3-2017 തീയതിയിലും പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗം നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്നു ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പു പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്. ഇത്തരത്തിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതായി യോഗ നടപടികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്.

ബി. വികസന സെമിനാർ

ബ്ലോക്ക് പഞ്ചായത്തിന്റെ 13-ാം പഞ്ചവൽസര പദ്ധതി 2017-18 വർഷത്തെ കരട് പദ്ധതി രേഖ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായുള്ള ഏകദിന വികസന സെമിനാർ 25-05-2017 ന് നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ 123 പേർ പങ്കെടുത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ 2017-18 വർഷത്തേക്കുള്ള കരട് പദ്ധതികൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ വിവരങ്ങൾ ഒന്നും തന്നെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി. വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ.

പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗങ്ങളിൽ മുഴുവൻ അംഗങ്ങളും പങ്കെടുത്ത യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി മിനിറ്റ്സുകളും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്തിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി മിനിറ്റ്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഡി. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം.

(i) വികസന സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 12 തവണ യോഗം ചേർന്നു. 2017-18 ലെ വാർഷിക പദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ

അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയോ, സർക്കാർ ഉത്തരവു പ്രകാരമുള്ള മുൻഗണന/അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചയോ ഒന്നും തന്നെ നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18വർഷം 14 തവണ യോഗം ചേർന്നു. 2017-18 വർഷത്തെ ബജറ്റ് സമയ ബന്ധിതമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്.

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 12 തവണ യോഗം ചേർന്നു. ടി കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പ്രൊജക്ടുകൾ അംഗീകരിച്ച് വികസനകാര്യ സാറ്റാൻന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനങ്ങളൊന്നും യോഗത്തിൽ എടുത്ത് കാണുന്നില്ല. ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാമൂഹ്യക്ഷേമം, വനിതാവികസനം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം എന്നിവയാണ്.

(iv) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 11 തവണ യോഗം ചേർന്നു.

കമ്മിറ്റികൾക്ക് ചുമതലയുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രൊജക്ടുകളെ സംബന്ധിച്ച ചർച്ചകളോ, വിലയിരുത്തലുകൾ നടത്തുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

## 3-2 ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കൽ സംബന്ധിച്ച്

1. 12-2-2018 തീയതിയിലെ അജണ്ട 19 തീരുമാനം നമ്പർ 1.

വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - കുപ്പിക്കുന്ന് കുടിവെള്ള പദ്ധതി.

പദ്ധതി നടപ്പിലാക്കിയപ്പോൾ 18,954/- രൂപ ബാക്കി വന്നതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുകയിൽ നിന്നും ചേന്ദിലത്ത് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിക്ക് അധികം ചെലവഴിച്ച തുകയായ 6595/- രൂപ നൽകി ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ച നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അസി.എക്സി. എഞ്ചിനീയറെ ചുമതലപ്പെടുത്തി എന്നുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു. തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 02-03-2018 തീയതിയിലെ അജണ്ട 1 തീരുമാനം നമ്പർ 2.

മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ശിശു വികസന ഓഫീസ്, ബ്ലോക്ക് ഓഫീസിലേക്ക് മാറ്റുന്നതിന് ജില്ലാ കളക്ടർ കത്തുമുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ ശിശു വികസന ജില്ലാ ഓഫീസിൽ നിന്നും അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ ഓഫീസ് മാറ്റുന്നതിന് ആവശ്യമായ ചെലവുകൾ തരണമെന്ന് ശിശു വികസന ഓഫീസർ ആവശ്യപ്പെട്ടത് പരിഗണിച്ച് ഓഫീസ് മാറ്റുന്നതിന് ആവശ്യമായ തുക ശിശു വികസന ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമാകുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് പൊതു ആവശ്യ ഫണ്ടിലേക്ക് തിരിച്ചടക്കാമെന്ന വ്യവസ്ഥയിൽ പൊതു ആവശ്യ ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് തീരുമാനിച്ചു.

പൊതു ആവശ്യ ഫണ്ടിൽ നിന്ന് ഇക്കാര്യത്തിനായി 23,960/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, ഈ തുക ശിശു വികസന ഓഫീസർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ. 550802010009027) കൈമാറിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ഈ തുക പൊതു ആവശ്യ ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-3** റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## **3-4** സോളിംഗ്, മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികൾ വ്യത്യസ്ത പ്രൊജക്ടുകളായി നടപ്പാക്കുന്നതു സംബന്ധിച്ച്.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ നിലവിലെ അവസ്ഥ | 2017-18ൽ ചെയ്ത പ്രവൃത്തി |
|---|---|---|
| ഒഴക്കുപാറ മുതൽ കിടങ്ങൂർ വരെ റോഡ് നിർമ്മാണം<br>പ്രോജക്ട് നമ്പർ 64/18<br>അടങ്കൽ - 5,00,000/-<br>ചെലവ് - 4,73,025/-<br>ബിൽ നമ്പർ 7/AE/17-18 dt. 22-2-18<br>നിർ. ഉ.<br>അസി. എഞ്ചിനീയർ | നിലവിൽ ടാറിംഗ് കഴിഞ്ഞു കിടക്കുന്ന ഭാഗത്തു നിന്ന് 265 മീറ്റർ നീളത്തിൽ മൺ റോഡാണ്. അതിൽ നിന്നും ch. 0/00മുതൽ 0/162 മീറ്റർ വരെ wet mix macadam ചെയ്ത് ടാറിംഗ് നടത്തുക എന്നതാണ് പദ്ധതി. | ch. 0/00 മീറ്റർ മുതൽ ch. 0/152 മീറ്റർ വരെ ടാറിംഗ് നടത്തി.<br>(അളവു പുസ്തകം 32/ 2016-17പേജ് 8) |
| പ്രോജക്ട് നമ്പർ 55/18<br>കല്ലുണിപ്പാറ റോഡ് ടാറിംഗ്<br>അടങ്കൽ - | റോഡിന്റെ തുടക്കം 200 മീറ്റർ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. തുടർന്നുവരുന്ന 500 മീറ്റർ നീളത്തിലെ ch.200 to ch. 231...<br>231 മീറ്റർ നീളത്തിൽ നിലവിൽ | ch. 0/200 മീറ്റർ മുതൽ ch. 0/438 മീറ്റർ വരെ ടാറിംഗ് നടത്തി.<br>(അളവു പുസ്തകം |

| | | |
|---|---|---|
| 7,00,000,/-<br>ചെലവ് - 6,62,526/-<br>ബിൽ നമ്പർ<br>19/AE/17-18 dt. 21-3-18<br>നിർ. ഉ.<br>അസി. എഞ്ചിനീയർ | മൺ റോഡ്.<br>231 മീറ്റർ WMM ചെയ്ത്<br>ടാറിംഗ് ചെയ്ത് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി.<br>(എസ്റ്റിമേറ്റിൽ ബാക്കി ഭാഗം 269 മീറ്റർ ഒഴിവാക്കിയിരിക്കുന്നു) | 20/ 2017-18പേജ് 9) |
| പ്രോജക്ട് നമ്പർ 55/18<br>ഒഴുക്കുപാറ റോഡ് പൂർത്തീകരണം<br>അടങ്കൽ - 3,15,000/-,/-<br>ചെലവ് - 3,13,465/-<br>ബിൽ നമ്പർ<br>18/AE/17-18 dt. 26-3-18<br>നിർ. ഉ.<br>അസി. എഞ്ചിനീയർ | റോഡ് ടാറിംഗ് പൂർത്തീകരിക്കുന്നതിന് 100 മീറ്റർ കൂടി ടാറിംഗ് ചെയ്യേണ്ടതുണ്ട്. 110 മീറ്റർ നീളത്തിൽ Wmm ചെയ്ത് ടാറിംഗ് ചെയ്യുന്നതാണ്പദ്ധതി. | ch. 0/152 മീറ്റർ മുതൽ ch. 0/265 മീറ്റർ വരെ ടാറിംഗ് നടത്തി.<br>(അളവു പുസ്തകം 6/2017-18 പേജ് 8) |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്ന അളവുകൾ, എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായി പൊരുത്തപ്പെടുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ. (എം.എസ്) നമ്പർ 72/2017 /ത.സ്വ.ഭ.വ/29.03.2017 ഖണ്ഡിക 6.6 ൽ മരാമത്ത് പ്രവൃത്തികൾ സമഗ്ര രൂപത്തിൽ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് സൂചിപ്പിക്കുന്നുണ്ട്.

ഒരു റോഡ് മുഴുവനായും സഞ്ചാര യോഗ്യമാകത്തക്ക വിധത്തിൽ ടാറിംഗ് ഉൾപ്പെടെയുള്ള എല്ലാ പണികളും പൂർണ്ണമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനു പകരം ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഭൂപടം ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം റോഡ് കണക്ടിവിറ്റി ഭൂപടം കാലികമാക്കി തയ്യാറാക്കേണ്ടതും വ്യക്തമായ ലക്ഷ്യബോധത്തോടെ പദ്ധതികൾ ആസൂത്രണം നടത്തേണ്ടതുമാണ്.

## 3-5 കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ഡെപ്പോസിറ്റ് വർക്കുകൾ–അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 14 പ്രവൃത്തികൾക്കായി ഭൂഗർഭ ജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ച ഏതാനം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം.,തീയതി | ഡെപ്പോസിറ്റ് ചെയ്ത ഏജൻസി |
|---|---|---|---|---|---|---|
| 1 | 85/18 | പഴവൂർ കിഴക്കേ കോളനിയിൽ കുടിവെള്ളം, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | 10,00,000 | 10,00,000 | 3/AE/17-18 DT.24-11-17 | ഭൂഗർഭ ജല വകുപ്പ് |
| 2 | 105/18 | പണിക്കത്തു പറമ്പ കോളനിയിൽ വികസനം | 5,00,000 | 5,00,000 | 2/AE/17-18 DT.24-11-17 | ” |
| 3 | 106/18 | കാട്ടകാമ്പാൽ പഞ്ചായത്ത് പ്രകാശ് കോളനി വികസനം | 5,00,000 | 5,00,000 | 4/AE/17-18 DT. 24-11-18. | ” |
| 4 | 116/18 | പട്ടിത്തടെ വിളക്കത്തറ കോളനിയിൽ കുടിവെള്ള പദ്ധതിയും മറ്റ് കോളനി വികസനങ്ങളും | 10,00,000 | 10,00,000 | 6/AE/17-18 DT. 24-11-17 | ” |
| 5 | 117/18 | വട്ടമാവ് ചിറ എസ്.സി. കോളനി കുടിവെള്ള പദ്ധതി | 7,75,800 | 7,75,800 | 5/AE/17-18 DT. 24-11-17 | ” |
| 6 | 123/18 | ചൂണ്ടൽ ഗ്രാമ പഞ്ചായത്തിലെ സൂര്യഗ്രാമം ഇ.എം.എസ്. പട്ടികജാതി കോളനി കുടിവെള്ള പദ്ധതി | 10,00,000 | 10,00,000 | 1/AE/17-18 DT. 24-11-17 | ” |

| | | | | | | |
|---|---|---|---|---|---|---|
| 7 | 131/18 | അംബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി | 3,00,000 | 2,91,367 | 23/AE/17-18 DT. 31-3-18 | ,, |

ഡെപ്പോസിറ്റ് വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. പദ്ധതികൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഭൂഗർഭ ജല വകുപ്പുമായി ഉണ്ടാക്കിയിട്ടുള്ള കരാറിൽ കരാർ കാലാവധി ഉൾപ്പെടെയുള്ള അവശ്യ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെ മാത്രമെ കുടിവെള്ള പദ്ധതികൾ ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുക്കാവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ സമിതി രൂപീകരിച്ച ശേഷമാണ് നിർമ്മാണം തുടങ്ങേണ്ടത്. ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃ സമിതി ഏറ്റെടുക്കേണ്ടതാണ്. പട്ടിക ജാതി ഗുണഭോക്താക്കളുടെ ഇത്തരം ചെലവുകൾ ത.സ്വ.ഭ. സ്ഥാപനം വഹിക്കാവുന്നതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ.

4. നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലാണോ എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ ഇല്ല.

മേൽ പറഞ്ഞ പ്രവൃത്തികളിൽ 1മുതൽ 6 വരെയുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതായും, 7 ാമത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തുതാപരമായ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉപോൽബലകമായ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികളുടെ നടത്തിപ്പിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഓഡിറ്റിന് ഉറപ്പുവരുത്താൻ കഴിയില്ല.

## 3-6 പട്ടിക്കര പാടശേഖരം ജലസേചന പദ്ധതി - അപാകതകൾ

പ്രോ. നമ്പർ - 126/18

അടങ്കൽ തുക - 5,00,000/- (വികസന ഫണ്ട്)

ചെലവ് - 5,00,000/-

ബിൽ നമ്പർ - 13/AE/17-18 തീയതി - 12-03-18.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ.

ബ്ളോക്ക് പഞ്ചായത്ത് 2017-18 ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പട്ടിക്കര പാടശേഖരത്തിന് ജലസേചന പദ്ധതി എന്ന പ്രോജക്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് ഡി.പി.സി. അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കൽ തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കുകയും, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി അസി. എഞ്ചിനീയർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഭൂഗർഭ ജല വകുപ്പുമായി ഉണ്ടാക്കിയ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ഉൾപ്പെടെയുള്ള പല അവശ്യ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

2. ജലസേചന പദ്ധതിക്ക് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15/17-18 തീയതി 07-12-2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, കുടിവെള്ള പദ്ധതികളുടെ ഭാഗമായി കുഴൽകിണർ നിർമ്മാണത്തിൽ ചിലപ്പോഴൊക്കെ പരാജയമാകാറുണ്ടെന്നും, ആയതിനാൽ പദ്ധതി നിശ്ചിത സമയത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് കരാർ കാലാവധി വെയ്ക്കാത്തത് എന്നും അറിയിച്ചു. കാലാവധി വെയ്ക്കാതെ കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നത് യുക്തിസഹമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ജലസേചന പദ്ധതിക്ക് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-7 അയ്യപ്പൻകാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല.

പ്രോ. നമ്പർ - 46/18

അടങ്കൽ - 9,95,952/-

ചെലവ് - 4,17,558/-

ബിൽ നമ്പർ - 23/17-18 തീയതി - 17-1-18.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ.

എം. ബുക്ക് - 24/2016-17.

ഓഡിറ്റ് വർഷം പൂർത്തീകരിക്കപ്പെട്ട ടി ജലസേചന പദ്ധതിയുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിച്ചതിനു ശേഷം തുടർ നടത്തിപ്പ് ചുമതല മേൽ പറഞ്ഞ സമിതികൾക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതുമാണ്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് അന്വേഷണം നടത്തിയപ്പോൾ, (ഓഡിറ്റ് എൻക്വയറി നം.12/17-18 തീയതി.7.12.18) ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിന് ഭരണ സമിതി മുമ്പാകെ നിർദ്ദേശം രേഖാമൂലം നൽകിയിട്ടുള്ളതായി മറുപടി ലഭിച്ചു. ഗുണഭോക്തൃ സമിതിയെ തുടർ നടത്തിപ്പ് ചുമതല ഏൽപ്പിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-8 വട്ടമാവ് എസ്.സി. കോളനി അങ്കണവാടി നമ്പർ 6 വികസനം - എസ്.സി. വികസന ഫണ്ട് ഉപയോഗിച്ച് മെയിന്റനൻസ് നടത്തി.

പ്രോജക്ട് നമ്പർ - 25/18.

അടങ്കൽ - 4,94,768/-

ചെലവ് - 3,53,457/-

ബിൽ നമ്പർ - 22/17-18 തീയതി - 17-01-2018.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ.

പ്രോജക്ട് പ്രകാരം അങ്കണവാടിക്ക് ചുറ്റുമതിൽ, ഷീറ്റ് റൂഫിംഗ്, കുട്ടികൾക്ക് ഇരിക്കാനും ഉല്ലസിക്കാനും ആവശ്യമായ ഇനങ്ങൾ, ഷെൽഫ് എന്നിവ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ

കുട്ടികൾക്ക് ഇരിക്കാനും ഉല്ലസിക്കാനും ആവശ്യമായ ഇനങ്ങൾ ഒഴികെയുള്ള പ്രവൃത്തികളെല്ലാം പദ്ധതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. അങ്കണവാടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനത്തിൽ പെടുന്നില്ല. ബ്ലോക്ക് പഞ്ചായത്തുകൾക്ക് അങ്കണവാടികൾ നിർമ്മിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റംചെയ്യാവുന്നതാണ്. എന്നാൽ അവയുടെ തുടർ പ്രവർത്തനങ്ങൾക്കോ, അറ്റകുറ്റപ്പണികൾക്കോ പണം ചെലവഴിക്കാൻ പാടില്ലാത്തതാണ്.

ടി അങ്കണവാടിയിൽ സ്ഥല പരിശോധന നടത്തിയപ്പോൾ 2004 ൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണന്ന് ബോദ്ധ്യപ്പെട്ടു. എസ്.സി. വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി അങ്കണവാടി അറ്റകുറ്റപ്പണികൾക്കായി പണം ചെലവഴിക്കാനിടയായ സാഹചര്യം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 20/17-18 തീയതി, 10-12-18) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി. കോളനി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, വട്ടമാവ് എസ്.സി കോളനിയുടെ എസ്.സി പൊതു സ്ഥാപനമായ അങ്കണവാടി കെട്ടിടം മെയിന്റനൻസ് നടത്തിയതെന്നും, തുടർന്നു വരുന്ന വർഷങ്ങളിലെ പദ്ധതിയിൽ അങ്കണവാടി കെട്ടിടങ്ങൾ മെയിന്റനൻസ് പ്രവൃത്തി ചെയ്യുന്നത് ഒഴിവാക്കുന്നതിന് ഭരണസമിതിയോട് നിർദ്ദേശം നൽകാവുന്നതാണ് എന്നും അറിയിച്ചു. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കാതിരിക്കുന്ന കാര്യത്തിലും ഫണ്ടുകൾ വകമാറി ചെലവഴിക്കാതിരിക്കുന്നത് ഉറപ്പുവരുത്തുന്ന കാര്യത്തിലും ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-9 ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച തുക തിരികെ അടവാക്കേണ്ടതാണ്.

ഹരിത കേരള മിഷന്റെ ഭാഗമായി "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന വിഷയത്തിൽ ബ്ലോക്ക്തല പരിശീലന പരിപാടിയുടെ ചെലവിലേക്കായി വനിതാ ക്ഷേമ ഓഫീസർ ശ്രീ.സജി അബ്രഹാമിന് 18850 രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു . ടി തുകയിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ) അനുവദിച്ച 10000 രൂപ ജനറൽ പർപ്പസ് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. ബാക്കി തുകയായ 8850 രൂപ ജനറൽ പർപ്പസ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.17/17-18 തിയതി 07-12-2018), ബാക്കി തുകയായ 8850 രൂപയിൽ 8600 രൂപ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) നിന്നും മിസല്ലേനിയസ് അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മുഴുവൻ തുകയും ജനറൽ പർപ്പസ് ഫണ്ടിലേക്ക് വരവു ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (കണ്ടിജന്റ് ബിൽ നമ്പർ. 68/09/17-18 )

## 3-10 സെക്രട്ടറി നടപ്പാക്കിയ പദ്ധതി- ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ മുഖേന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് /സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ ചെലവു സ്റ്റേറ്റ്മെന്റ്/ധന വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിനം/പേര് | കൈമാറിയ തുക/ബിൽ നം. | പഞ്ചായത്ത്/ സ്ഥാപനം | റിമാർക്ക്സ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 8/17-18ഐ കെ എം2016-17,2017-18 വിഹിതം നൽകൽ | 94033 6/17-18 /23-8-17 | ഐ കെ എം | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, ലഭ്യമാക്കിയിട്ടില്ല | സെക്രട്ടറി |
| 2 | 103/17-18 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഫീഡിങ് റൂം | ബിൽ നമ്പർ 29/17-18 /13-3-18 പ്രകാരം | കടങ്ങോട് ഗ്രാമപഞ്ചായത്ത് | 500000 രൂപ കൈമാറിയതിൽ 9700 രൂപയുടെ വിനിയോഗവിവരം ലഭ്യമല്ല | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | | 500000 രൂപ | | | |
| 3 | 103/17-18 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഫീഡിങ് റൂം | ബിൽ നമ്പർ 15/17-18 /19-12-17 പ്രകാരം 500000 രൂപ | പോർക്കളം ഗ്രാമപഞ്ചായത്ത് | 500000 രൂപ കൈമാറിയതിൽ 2017-18 വർഷം തുകയൊന്നും ചെലവായിട്ടില്ലെന്നും 2018-19 വർഷത്തിൽ സ്പിൽഓവറായി പദ്ധതി ഉൾപ്പെടുത്തിയെന്നും കാണിച്ച് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. | സെക്രട്ടറി |
| 4 | 7/17-18 ക്രിമിറ്റോറിയം സ്ഥാപിയ്ക്കുന്നതിന് പഞ്ചായത്തിന് വിഹിതം നല്കൽ | ബിൽ നമ്പർ 13/17-18 /28-11-17 പ്രകാരം 900000 രൂപ | കടങ്ങോട് ഗ്രാമപഞ്ചായത്ത് | ബിൽ നമ്പർ 13/17-18 /28-11-17 പ്രകാരം 900000 രൂപകൈമാറിയിട്ടുണ്ട്.എന്നാൽ 830000 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം മാത്രമെ ലഭ്യമാക്കിയിട്ടുള്ളു.ബാക്കി 70000 രൂപ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ചെലവഴിയ്ക്കാമെന്ന് കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. | സെക്രട്ടറി |
| 5 | 12/17-18 അംഗൻവാടി അനുപൂരക പോഷകാഹാരം | 2/17-18 തിയതി 19.10.17 തുക – 500000/- | ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 500000 രൂപയിൽ 302321 രൂപയുടെ വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കിയിട്ടുണ്ട്. | CDPO അഡീഷണൽ |

വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ 871412/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-11** അസിസ്റ്റന്റ് ഡയറക്ടർ കൃഷി -ക്യാഷ് ബുക്ക് ശരിയായി സൂക്ഷിക്കുന്നില്ല

പദ്ധതി വരവുചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്കിലെ തിരുത്തലുകളോട് അനുബന്ധിച്ച് ഉത്തര വാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. വിട്ടുപോയ എൻട്രികൾ പിന്നീട് പലപ്പോഴും ചേർത്തു കാണുന്നു. 24.02.18 മുതലുള്ള രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളിലും തെറ്റു കാണുന്നു. ട്രഷറി ബിൽ നമ്പർ 2/17-18/27.09.17 പ്രകാരം ചെലവ് 10 ലക്ഷം രൂപ. എന്നാൽ ക്യാഷ് ബുക്കിൽ ഒരുലക്ഷം രൂപയാണ് ചെലവു രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .10/17-18 തീയതി.07/12/18)

## **3-12** പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പദ്ധതി നമ്പർ SOO16/18- പട്ടിക ജാതി യുവതീ യുവാക്കൾക്ക് വിദേശ തൊഴിൽ നേടുവാൻ ധന സഹായം

പദ്ധതി അടങ്കൽ. 500000 രൂപ

ട്രഷറി ബിൽ നമ്പർ: 1/17-18/28.09.17 – ₹220000/-

ട്രഷറി ബിൽ നമ്പർ: 2/17-18/09.01.18 – ₹200000/-

ട്രഷറി ബിൽ നമ്പർ: 3/17-18/23.02.18 – ₹80000/-

പദ്ധതിയുടെ ഭാഗമായി 50000 രൂപ വീതം 10 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ സ്റ്റാലിൻ കെ.കെ, (കടവല്ലൂർ ഗ്രാമപഞ്ചായത്ത്) , സന്ദീപ് വി എസ്, (കടങ്ങോട് ഗ്രാമപഞ്ചായത്ത്), സുമേഷ് ഇ.എസ് (കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്), എന്നിവരുടെ അപേക്ഷകൾക്കൊപ്പം തൊഴിൽ വിസയുടെ പകർപ്പ് ഇല്ല. മാർഗരേഖ പ്രകാരം തൊഴിൽ വിസ ഹാജരാക്കുന്നവർക്ക് മാത്രമേ ധനസഹായം നൽകേണ്ടതുള്ളൂ. ആയതിനാൽ ഇവർക്കുവേണ്ടി ധനസഹായം ഇനത്തിൽ നൽകിയ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾ വെച്ചിട്ടുള്ള കരാറുകളിൽ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെയില്ല.

കടവല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2 ലിസ്റ്റ് ഫയലിൽ ഉണ്ട്. ആയതിൽ രണ്ടാമത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 7 ഗുണഭോക്താക്കളും, മറ്റു പഞ്ചായത്തുകൾ അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടവരും ഓഡിറ്റ് വർഷം ധനസഹായം ലഭിച്ചവരുമാണ്. ഇവർ 2 ലിസ്റ്റിലും ഉൾപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇവർക്ക് പ്രസ്തുത ധനസഹായം മുൻവർഷങ്ങളിൽ മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .11 /17-18 തീയതി.07/12/18)

## 3-13 സൈഡ് വീലോടുകൂടിയ സ്കൂട്ടർ -ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നം – (140/17-18) സൈഡ് വീലോട് കൂടിയ സ്കൂട്ടർ

നിർവ്വഹണം – സി.ഡി.പി.ഒ

ട്രഷറി ബിൽ നം -1/2017-18 തിയതി.29.9.17 തുക 2242000/-

സൈഡ് വീലോട് കൂടിയ സ്കൂട്ടർ എന്ന പ്രൊജക്ടിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പത്രപരസ്യം നൽകുകയും, ലഭിച്ച അപേക്ഷകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട 13 പേർക്ക് സ്കൂട്ടർ നൽകുകയും ചെയ്തു. 13 സ്കൂട്ടർ വിതരണം ചെയ്തതിന് ( ഹീറോ ഡ്യൂയറ്റ് 110 cc) ടോപ്പ് ഗിയർ മോട്ടേഴ്സ് എന്ന സ്ഥാപനത്തിന് മേൽപ്രകാരം തുക അനുവദിക്കുകയും ചെയ്തു. 13 ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ ഡ്രൈവിങ്ങ് ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ലൈസൻസ് /രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കുറിപ്പുകൾ |
|---|---|---|
| അരുൺ പ്രസാദ് കുത്തൂർ ഹൗസ് മരത്തംകോട് | ചൊവ്വന്നൂർ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| മുകുന്ദൻ മല്ലിശ്ശേരി കണ്ടാണശ്ശേരി | കണ്ടാണശ്ശേരി | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് |

| | | |
|---|---|---|
| | | ഹാജരാക്കിയില്ല |
| സജീഷ് പി ബി പള്ളിക്കര പതാക്കര | കടവല്ലൂർ | ലൈസൻസിൻെറ പകർപ്പ് ഹാജരാക്കിയില്ല |
| ഡെയ്സി സി എം ചീരൻ ഹൗസ് പഴഞ്ഞി | കാട്ടകാമ്പാൽ | ലേണേഴ്സ് ലൈസൻസിൻെറ പകർപ്പാണ് ഹാജരാക്കിയിരിക്കുന്നത് |
| കെഗോപി കെകെ.ആർ കണ്ടിരുത്തി | കടവല്ലൂർ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലൈസൻസിൻെറ പകർപ്പ് എന്നിവഹാജരാക്കിയില്ല |
| അബ്ദുൾ ജാഫർ കാവിലപ്പടി പോർക്കളം | പോർക്കളം | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലൈസൻസിൻെറ പകർപ്പ് എന്നിവഹാജരാക്കിയില്ല |
| അനിൽ കുമാർ പൂവത്തിങ്കൽ കടങ്ങോട് | കടങ്ങോട് | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലൈസൻസിൻെറ പകർപ്പ് എന്നിവഹാജരാക്കിയില്ല |

വികലാംഗരായ ഗുണഭോക്താക്കൾക്ക് ഉപജീവനം നടത്തുന്നതിനായി അനുവദിച്ച വാഹനങ്ങൾ ലൈസൻസ് എടുക്കാതെ നിരത്തുകളിൽ ഉപയോഗിക്കുന്നത് അനാവശ്യ വ്യവഹാരങ്ങളിൽപെടുന്നതിന് കാരണമാകും. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എംഎസ്) 80/17തിയതി 3.4.17 പ്രകാരം ഇരു ചക്രവാഹനം അനുവദിക്കുന്നത് ഇരുചക്ര വാഹനത്തിന് ലൈസൻസുള്ളവർക്കായിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ 7 സ്കൂട്ടറുകൾക്ക് ചെലവഴിച്ച തുക 465500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ

IAY പദ്ധതി പ്രകാരം ഒന്നോ അതിലധികമോ ഗഡു തുക കൈപ്പറ്റി വീടുപണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു/ കൈപ്പറ്റിയ തുക/തിയ്യതി |
|---|---|---|---|
| 2011-12 | തങ്ക ഉണ്ണ്യാരൻ.പാമ്പും പടിക്കൽ ആളൂർ, കണ്ടാണശ്ശേരി | 82875 | 37875/26-7-14 |
| 2012-13 | ഷീല ബാലചന്ദ്രൻ കോട്ടിലപ്പുറത്ത് ഹൗസ്, ചൂണ്ടൽ | 113250 | 50000/15-6-17 |

| | | | |
|---|---|---|---|
| 2012-13 | നൂർജഹാൻ സിദ്ദിഖ്, മേലെയിൽ ഹൗസ് കാട്ടകാമ്പാൽ | 25000 | 25000/26-3-13 |
| 2012-13 | വിജിത സുരേഷ്, പുതുരുത്തി, പഴഞ്ഞി കാട്ടകാമ്പാൽ | 38250 | 38250/30-3-13 |
| 2012-13 | കാളി അയ്യപ്പൻ, വാര്യാത്ത്, വേലൂർ | 38250 | 38250/26-3-13 |
| 2013-14 | കാർത്തിക ജോയ്, ചൂണ്ടൽ, വേലൂർ | 35000 | 35000/24-3-13 |
| 2013-14 | സരസ്വതി ഗീരീഷ്, പാലയൂർ പറമ്പിൽ, കാട്ടകാമ്പാൽ | 35000 | 35000/3-2-14 |
| 2015-16 | ഉമൈബ ഷാജഹാൻ, മാളിയേക്കൽ കടവല്ലൂർ | 17500 | 17500/27-11-15 |
| 2015-16 | ഷീല തോമസ് ചക്രമാക്കിൽ, ചൂണ്ടൽ | 37500 | 37500/28-3-16 |
| 2015-16 | തങ്കം കോരൻ, പെരുമ്പിള്ളി, ചൂണ്ടൽ | 17500 | 17500/13-11-15 |
| 2015-16 | ദീപ സുനിൽ, പണിക്കത്ത് പറമ്പിൽ | 17500 | 17500/20-3-16 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് RR നോട്ടീസ് നല്കിയിട്ടുണ്ട്. റവന്യു റിക്കവറി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പഴഞ്ഞി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1)പ്രൊജക്ട് നമ്പർ: Soo14/18

പ്രൊജക്ട്: വനിതകൾക്കായി അർബുദ രോഗ നിർണയ ക്യാമ്പ്

പദ്ധതി അടങ്കൽ: 350000 രൂപ

ചെലവ്: 331883 രൂപ

ട്രഷറി ബിൽ നംമ്പർ: 1/17-18 (തിയതി-18-01-2018)

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഏഴ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക്, ഗർഭാശയ അർബുദം, സ്തനാർബുദം എന്നിവ നേരത്തെ കണ്ടെത്തുന്നതിന് പഞ്ചായത്ത് തലത്തിലുള്ള സ്ക്രീനിംങ് നടത്തുന്നതിന് 32000 രൂപ വീതം നൽകിയിരുന്നു. പദ്ധതി പ്രകാരം നടന്ന ക്യാമ്പിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ ചൊവ്വന്നൂർ, കടങ്ങോട് എന്നീ കേന്ദ്രങ്ങളൊഴിച്ച് മറ്റുള്ള അഞ്ച് കേന്ദ്രങ്ങളിൽ (പെരുമ്പിലാവ്, കണ്ടാണശ്ശേരി, വേലൂർ, ചൂണ്ടൽ, പോർക്കുളം) നിന്നും ലഭ്യമായിട്ടില്ല. ക്യാമ്പിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അതാതു പി.എച്ച്.സികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)പ്രൊജക്ട് നംമ്പർ: Soo54/18

പ്രൊജക്ട് :പെയിൻ &പാലിയേറ്റീവ്

പദ്ധതി അടങ്കൽ 1900000 രൂപ

ചെലവ്:1900000 രൂപ

ട്രഷറി ബിൽ നമ്പർ –

1/17-18 13.10.17 (1050,000)
2/17-18 23.10.17 (300000)
3/17-18 18.01.18 (300000)
4/17-18 08.03.18 (250000)

മേൽ പദ്ധതി പ്രകാരം കടവല്ലൂർ, (150000 രൂപ), വേലൂർ (500000 രൂപ) ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള തുകകൾക്ക് കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 650000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 8/17-18, തിയതി 06-12-2018)

## 3-16 ആധുനിക ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് വിഹിതം നൽകൽ–പ്രവർത്തി മന്ദഗതിയിൽ

പ്രോജക്റ്റ് –7/17-18 ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

ബിൽ നമ്പർ - 10/17-18 dt:27.09.17 – 1316200

ബിൽ നമ്പർ - 9/17-18, dt.26/9/17, 2450000

ആകെ തുക -3766200

മേൽ പദ്ധതി പ്രകാരം ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് ആധുനിക ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്ന പദ്ധതിക്കായി 3766200 രൂപ പഞ്ചായത്തിന് കൈമാറുകയുണ്ടായി. ആയതിൽ 1157900 രൂപയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ചൊവ്വന്നൂർ പഞ്ചായത്തിലെ 2017-18 വർഷത്തിലെ ഓഡിറ്റ് വേളയിൽ പദ്ധതി നടപ്പാക്കുന്ന സൈറ്റ് സന്ദർശിച്ചതിൽ, പ്രവർത്തിയിൽ കാര്യമായ പുരോഗതിയില്ലെന്നു കാണുകയുണ്ടായി. പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തി പുനരാരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ആണ് ഉള്ളതെന്ന് പഞ്ചായത്ത് എൻക്വയറിയ്ക്ക് മറുപടി നൽകിയിരുന്നു. മുൻപ് അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭിക്കാതെ വീണ്ടും ഫണ്ട് അനുവദിക്കുന്ന രീതി ഉചിതമല്ല, ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-17 തൊഴിലുറപ്പ് പദ്ധതി അവലോകനം

2017-18സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രകാരം 1406 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത് . ഇതിൽ 1187 പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. കിണർ നിർമാണം, മണ്ണ്-ജല സംരക്ഷണപ്രവർത്തനങ്ങൾ, അംഗൻവാടി നിർമ്മാണം, റോഡ് കോൺക്രീറ്റിംങ്, ഫാം പോണ്ട് നിർമാണം, വരൾച്ച തടയൽ വനവൽക്കരണം, ചെറുകിട ജല സേചനം, പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുടെ ഭൂമിയിൽ ജല സംരക്ഷണം, പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം, വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ മുതലായ പദ്ധതികളിലൂടെ 2017-18വർഷത്തിൽ 286103 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആകെ വിതരണം ചെയ്ത 21462 തൊഴിൽ കാർഡുകളിൽ 5285 കുടുംബങ്ങൾക്ക് മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ 757 കുടുംബങ്ങളാണ് 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയത്. 2017-18ൽ തൊഴിലാളികൾക്ക് വേതനയിനത്തിൽ 74145708 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭരണച്ചെലവുകൾ, മെറ്റീരിയൽ കോസ്റ്റ്, വേതനം എന്നിവയുൾപ്പെടെ 110916658 രൂപ പദ്ധതിയിൽ 2017-18വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യമെന്നത് ആസ്തി സൃഷ്ടിക്കുന്നതിനേക്കാളുപരി ദുർബലജനവിഭാഗങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കുകയും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പദ്ധതികൾ

രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കൃത്യമായ മേൽനോട്ടം നിർവഹിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അകതിയൂർ നായരങ്ങാടി കുടിവെള്ള പദ്ധതി, പോർക്കുളം ഗ്രാമ പഞ്ചായത്ത് | 14/17-18 28/9/17 | 500000 | 300000 | 200000 |
| | വട്ട മാവ് ചിറ കുടിവെള്ള പദ്ധതി, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | 11/17-18 28/9/17 | 500000 | | 500000 |
| | പയ്യൂർ പാറപ്പുറം കുടിവെള്ള പദ്ധതി, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | 15/17-18 28/9/17 | 500000 | | 500000 |
| | പന്നിത്തടം എ.കെ.ജിനഗർ കുടിവെള്ള പദ്ധതി, കടങ്ങോട്ഗ്രാമ പഞ്ചായത്ത് | 13/17-18 28/9/17 | 500000 | | 500000 |
| | നെല്ലിക്കുന്ന് ചിറമനങ്ങാട് കുടിവെള്ള പദ്ധതി, കടങ്ങോട് ഗ്രാമ പഞ്ചായത്ത് | 16/17-18 28/9/17 | 500000 | | 500000 |

| | | | | | |
|---|---|---|---|---|---|
| | കൊരട്ടിക്കര അമ്പലം കുടിവെള്ള പദ്ധതി, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | 12/17-18 28/9/17 | 500000 | | 500000 |
| | പഴവൂർ കിഴക്കേ കോളനിയിൽ കുടിവെള്ളവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും വേലൂർ ഗ്രാമ പഞ്ചായത്ത് | 3/17-18 24/11/17 | 1000000 | | 1000000 |
| | പട്ടിത്തടം വിളക്കത്തല കുടിവെള്ളവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും വേലൂർ ഗ്രാമ പഞ്ചായത്ത് | 6/17-18 24/11/17 | 1000000 | | 1000000 |
| | സൂര്യഗ്രാമം ഇ.എം.എസ് – എസ്.സി കോളനി കുടിവെള്ള പദ്ധതി | 1/17-18 24/11/17 | 1000000 | | 1000000 |
| | വട്ടമാവ് എസ്.സി കോളനി കുടിവെള്ള പദ്ധതി | 05/17-18 24/11/17 | 775800 | | 775800 |
| | പ്രകാശ് കോളനി വികസനം | 04/17-18 24/11/17 | 500000 | | 500000 |
| | പണിക്കത്ത്പറമ്പത്ത് കോളനി വികസനം | 2/17-18 24/11/17 | 500000 | | 500000 |
| | പട്ടിക്കര പാടശേഖര ജലസേചന പദ്ധതി | 13/17-18 12/3/18 | 500000 | | 500000 |
| | അംബേദ്കർ കോളനി വികസനം | 23/17-18 31/3/18 | 291367 | | 291367 |
| | | | 8567167 | 300000 | 8267167 |

എന്നാൽ വാർഷിക കണക്കുകളിലെ B18 ഷെഡ്യൂൾ പ്രകാരം 7775800 രൂപയാണ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 07-08,08-09 | 3.7.3 | ഫയലുകൾ ഹാജരാക്കത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |
| 2003-04 | 3-4 എ<br>3-4 ബി<br>3-8 | 07-08,08-09 | 3.7.4 | ഫയലുകൾ ഹാജരാക്കത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78346343 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84451067 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2136912 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 673733 | ഷൈൻ.പിഎച്ച്,സെക്രട്ടറി |

| | | |
|---|---|---|
| 3-10 (5) | 197679 | ഗ്രേസി.ജെ.ആർ, ശിശു വികസന പദ്ധതിഓഫീസർ(അഡീഷണൽ) |
| 3-12 | 150000 | സി.സി.സുഗുണാഭായ്,പട്ടിക ജാതി വികസന ഓഫീസർ |
| 3-13 | 465500 | ഗ്രേസി.ജെ.ആർ, ശിശു വികസന പദ്ധതിഓഫീസർ(അഡീഷണൽ) |
| 3-15 | 650000 | ഡോ.സന്ദീപ് .ആർ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| ആകെ | 2136912 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96,96-97,97-98 | എൽ.എഫ്.ടി.10 – 187/99/ 19.7.99 |
| 98-99 | എൽ.എഫ്.ടി.21 – 2683/06, തി. 23.5.07 |
| 99-2000 | എൽ.എഫ്.ടി.21 – 2684/06, തി. 22.6.07 |
| 2000-01 | എൽ.എഫ്.ടി.21 – 2685/06, തി. 24.5.07 |
| 01-02 | എൽ.എഫ്.ടി.21 – 2318/07, തി. 02.8.08 |
| 02-03 | എൽ.എഫ്.ടി.21 – 2317/08, തി. 02.8.08 |
| 03-04 | എൽ.എഫ്.ടി.21 – 2316/08, തി. 02.8.08 |
| 04-05 | എൽ.എഫ്.ടി.21 – 817/09, തി. 20.7.10 |
| 05-06 | എൽ.എഫ്.ടി.21 – 812/09, തി. 20.7.10 |
| 06-07 | എൽ എഫ് ടി 21 – 813/09 തി. 20.7.10 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി (ബി.പി)– 1875/2012, തി.2.2.13/ 13.5.13 |
| 11-12 | എൽ.എഫ്.ടി. (ബി.പി.)– 2102/2012, തി.8.4.14/ 1.7.14 |
| 12-13 | എൽ.എഫ്.ടി. (ബി.പി)– 1288/2014, തി.10.11.14/ 11.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി)1185/15 തിയ്യതി:15-10-15/08-12-15 |

| | |
|---|---|
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി)622/17തിയ്യതി:31-05-17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി1)1705/17തിയ്യതി:27.11.17 /03.01.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ